# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ജൂൺ 8, ചൊവ്വ

**നമ്പർ 10**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

വയനാട്ടിലെ മുട്ടിൽ സൗത്ത് വില്ലേജിൽ അടക്കം സർക്കാരിലേക്ക് റിസർവ് ചെയ്ത ഈട്ടിത്തടികൾ അനധികൃതമായി മുറിച്ചുകടത്തി കൊള്ള നടത്തിയവരെയും, വനം കൊള്ളയ്ക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥരെയും സംരക്ഷിക്കുന്ന സർക്കാർ നടപടിമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരസ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. ടി. തോമസും മറ്റ് നാല് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. വനം-വന്യജീവി വകുപ്പ് മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു [വയനാട് നിയോജക മണ്ഡലത്തിലെ സംഭവമായതിനാൽ ശ്രീ. ടി. സിദ്ദിഖിനെയും സംസാരിക്കുവാൻ അനുവദിച്ചു]

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

1. സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും അവയുടെ ക്രമാതീതമായ വിലക്കയറ്റവും കോവിഡിന്റെ പ്രത്യാഘാതം നിർമ്മാണ രംഗത്ത് സൃഷ്ടിച്ച സ്തംഭനാവസ്ഥയും കാരണം നിർമ്മാണ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ എം. രാജഗോപാലൻ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. പെർമനെന്റ് അഫിലിയേഷന്റെ അഭാവത്തിൽ സംസ്ഥാനത്തെ സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകൾക്ക് യു.ജി.സി. അംഗീകാരം ലഭിക്കാത്തതുമൂലം വിദ്യാർത്ഥികൾക്കുള്ള പലവിധ സ്കോളർഷിപ്പുകൾ ലഭിക്കാത്തത് സംബന്ധിച്ച് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 744/2021(i)

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | വായ്പാകുടിശ്ശിക തിരിച്ചടവിന് സാവകാശം | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 2 | ശ്രീമതി സി. കെ. ആശ | വൈക്കത്തെ കിഫ്ബി ലാന്റ് അക്വിസിഷൻ ഓഫീസിന്റെ പ്രവർത്തനം | ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. ജോയി | ഇടവ ഗ്രാമപഞ്ചായത്തിലെ വെറ്റക്കട മുതൽ ഓടയം വരെ കടൽ ഭിത്തി നിർമ്മാണം | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. പി. അനിൽകുമാർ | വണ്ടൂരിലെ വന്യജീവി ശല്യം | ബഹു. വനം - വന്യജീവി വകുപ്പുമന്ത്രി |
| 5 | ഡോ. സുജിത് വിജയൻപിള്ള | ചവറ കെ.എം.എം.എൽ.-ന് സമീപമുള്ള ഭൂമിയേറ്റെടുക്കൽ | ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി |
| 6 | ശ്രീ. ഡി. കെ. മുരളി | സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രീ - പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും വേതനം | ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി |
| 7 | ശ്രീമതി ശാന്തകുമാരി കെ. | മുണ്ടൂർ-തൂത റോഡ് നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 8 | ശ്രീ. അനൂപ് ജേക്കബ് | മുളന്തുരുത്തി റെയിൽവേ മേൽപ്പാലം അപ്രോച്ച് റോഡ് നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. പി. സുമോദ് | ഞാവളിങ്കടവ് പാലം നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം | ബഹു. ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

സ്പീക്കറുടെ റൂളിംഗ്:

I. "കേരള ഹൈക്കോടതി പരിസരത്തുവച്ച് 2016 ജൂലൈ 20-ന് മാധ്യമ പ്രവർത്തകരും അഭിഭാഷകരും തമ്മിലുണ്ടായ സംഘർഷത്തെ തുടർന്ന് നടന്ന ലാത്തിച്ചാർജ്ജിനെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മീഷൻ റിപ്പോർട്ട് 2020 ജൂൺ 30-ാം തീയതി സർക്കാരിന് സമർപ്പിച്ചുവെങ്കിലും 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3(4) പ്രകാരം അത് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഹിതം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസം ഉണ്ടായതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. സി. ആർ. മഹേഷ് ക്രമപ്രശ്നം ഉന്നയിച്ചത്.

ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായതിനുള്ള കാരണങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതോടൊപ്പം പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടികൾ പൂർത്തീകരിച്ച് തൊട്ടടുത്ത സമ്മേളനത്തിൽത്തന്നെ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം തീർപ്പാക്കുകയാണ്.

II. ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ഉന്നയിച്ചത് നമ്മുടെ സഭാ ചട്ടങ്ങളുടെ മലയാള പരിഭാഷയിൽ ആമുഖത്തിന്റെ അവസാനം ചേർത്തിരിക്കുന്ന ഒരു വാചകത്തിന്റെ പ്രസക്തി സംബന്ധിച്ചാണ്. മലയാളത്തിലുള്ള സഭാ നടപടി ചട്ടങ്ങളിൽ ആമുഖത്തിന്റെ അവസാനം "ഇത് മൂലഭാഷയായ ഇംഗ്ലീഷിലുള്ള ചട്ടങ്ങളുടെ പരിഭാഷ മാത്രമായതിനാൽ നിയമപ്രകാരമുള്ള ഒരു ആധികാരിക രേഖയല്ല" എന്നാണ് ചേർത്തിരിക്കുന്നത്.

നമ്മുടെ നിയമസഭാ നടപടി ചട്ടങ്ങൾ രൂപപ്പെട്ടത് 1954 ആഗസ്റ്റ് 31-ാം തീയതി നിലവിൽ വന്ന തിരുവിതാംകൂർ കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ നടപടി ചട്ടങ്ങളിൽ നിന്നാണ്. 1956-ലെ സ്റ്റേറ്റ്സ് റീ-ഓർഗനൈസേഷൻ ആക്ടിലെ പ്രൊവിഷൻ അനുസരിച്ചാണ് 1954-ലെ ചട്ടങ്ങൾ കേരള നിയമസഭയുടെ നടപടി ചട്ടങ്ങളായി പിന്നീട് അംഗീകരിക്കപ്പെട്ടത്. അപ്രകാരം സഭ അംഗീകാരം നല്കിയ ചട്ടങ്ങളുടെ ഒറിജിനൽ ടെക്സ്റ്റ് ഇംഗ്ലീഷ് ഭാഷയിൽ ആയിരുന്നതു നിമിത്തമാണ് ഇന്നും സഭാ ചട്ടങ്ങളുടെ ആധികാരിക ടെക്സ്റ്റ് ഇംഗ്ലീഷ് ആയി തുടർന്നുവരുന്നത്. മലയാള ഭാഷയിൽ നാം ഉപയോഗിച്ചു വരുന്നത് ഇംഗ്ലീഷിൽനിന്നും മലയാളത്തിലേക്ക് തർജ്ജമ ചെയ്ത വേർഷൻ മാത്രമാണ്. അത് ആധികാരികമാണെന്ന് പറയാനാവില്ല. നിയമ വകുപ്പ് തയ്യാറാക്കിയ പ്രസ്തുത പരിഭാഷയുടെ ഏതെങ്കിലും വ്യവസ്ഥ വ്യാഖ്യാനിക്കുന്ന വേളയിൽ ഒറിജിനൽ ടെക്സ്റ്റുമായി വൈരുദ്ധ്യം ഉണ്ടാകുന്നപക്ഷം ഇംഗ്ലീഷ് ടെക്സ്റ്റിനായിരിക്കും മുൻതൂക്കം എന്നൊരു നിയമപരമായ മുന്നറിയിപ്പ് ആണ് മലയാളം പരിഭാഷയുടെ ആമുഖത്തിൽ

ചേർത്തിരിക്കുന്നത്. ഇതൊരു സ്റ്റാറ്റ്യൂട്ടറി വാണിംഗ് മാത്രമാണ്. നമ്മുടെ ഔദ്യോഗിക ഭാഷയായ മലയാളത്തിന്റെ പ്രാധാന്യത്തേയോ പ്രാമുഖ്യത്തേയോ ഈ പ്രയോഗം ഒരു തരത്തിലും ഹനിക്കുന്നില്ല എന്നുകൂടി ഇത്തരുണത്തിൽ അങ്ങയേയും ഈ സഭയേയും അറിയിക്കുവാൻ ചെയർ ആഗ്രഹിക്കുന്നു.

ഒരു കാര്യം കൂടി ഇതിനോടനുബന്ധിച്ച് അറിയിക്കുവാൻ ചെയർ ആഗ്രഹിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടേയും കാലാകാലങ്ങളിൽ ഉണ്ടാകുന്ന അതിന്റെ ഭേദഗതികളുടേയും ഹിന്ദിയിലുള്ള പരിഭാഷ എല്ലാ അർത്ഥത്തിലും ഇംഗ്ലീഷ് ഭാഷയിലുള്ളതുപോലെതന്നെ ആധികാരികമായ രേഖ ആയിരിക്കുന്നതാണെന്ന് ഭരണഘടനയിലെ അനുച്ഛേദം 394 A-യിൽ അനുശാസിച്ചിരിക്കുന്നു. അതേ മാതൃകയിൽ നമ്മുടെ സഭാ ചട്ടങ്ങളുടെ മലയാള പരിഭാഷയും ആധികാരിക തർജ്ജമയായി സഭ അംഗീകരിക്കുന്നപക്ഷം ആയത് ഇംഗ്ലീഷ് വേർഷൻ പോലെ ആധികാരിക രേഖയായി • അംഗീകരിക്കുവാൻ കഴിയുമെന്നാണ് ചെയർ കരുതുന്നത്. അപ്രകാരമുള്ള ഒരു നടപടിക്രമം പൂർത്തീകരിക്കുന്നതുവരെ നിലവിൽ മലയാളം പരിഭാഷയുടെ ആമുഖത്തിൽ ചേർത്തിരിക്കുന്ന സ്റ്റാറ്റ്യൂട്ടറി പ്രസ്താവന ഒഴിവാക്കാൻ കഴിയില്ല എന്നാണ് കാണുന്നത്. അതിനായുള്ള പരിശ്രമം നമുക്ക് കൂട്ടായി നടത്താവുന്നതാണെന്നുകൂടി അറിയിക്കുന്നു. ”

<u>ധനകാര്യം:</u>

2021 - 2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. റോജി എം. ജോൺ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. എം. മുകേഷ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. എച്ച്. സലാം

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. പി. വി. ശ്രീനിജിൻ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. വി. കെ. പ്രശാന്ത്

ചർച്ച പൂർത്തിയായില്ല.

2021 ജൂൺ 9- ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 3.27-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

First Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, June 8, 2021*

**No. 10**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Forest and Wildlife, the Speaker withheld consent to the moving of an adjournment motion given notice of by Shri. P. T. Thomas and four other Members to the serious situation reported to have arisen consequent to the stand taken by the Government in protecting the timber thieves who illegaly harvested rosewood trees from South Muttil village in Wayanad district and other reserve forests and the forest officials who connived with timber thieves. [Shri. T. Siddiqu was permitted to speak as a Member from the Wayanad constituency from where the incident was reported.]

(In protest against the attitude of Government, in this matter, the members belonging to the opposition staged a walkout)

*Calling Attention:*

1. Shri. M. Rajagopalan called the attention of the Minister for General Education and Labour to the crises faced by the construction labourers due to the scarcity of construction materials and its exorbitant price hike as well as the deadlock in construction field due to the Covid situation. The Minister made a statement thereto.
2. Prof. Abid Hussain Thangal called the attention of the Minister for Higher Education and Social Justice to non receipt of various scholarships by the students of self financing Arts and Science colleges in the State due to lack of required UGC recognition in the absence of permanent affiliation. The Minister made a statement thereto.

KNPP. 744/2021(ii)

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | വായ്പാകുടിശ്ശിക തിരിച്ചടവിന് സാവകാശം | ബഹു. ധനകാര്യ വകുപ്പമന്ത്രി |
| 2 | ശ്രീമതി സി. കെ. ആശ | വൈക്കത്തെ കിഫ്ബി ലാന്റ് അക്വിസിഷൻ ഓഫീസിന്റെ പ്രവർത്തനം | ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി |
| 3 | ശ്രീ. വി. ജോയി | ഇടവ ഗ്രാമപഞ്ചായത്തിലെ വെറ്റക്കട മുതൽ ഓടയം വരെ കടൽ ഭിത്തി നിർമ്മാണം | ബഹു. ജലവിഭവ വകുപ്പമന്ത്രി |
| 4 | ശ്രീ. എ. പി. അനിൽകുമാർ | വണ്ടൂരിലെ വന്യജീവി ശല്യം | ബഹു. വനം - വന്യജീവി വകുപ്പമന്ത്രി |
| 5 | ഡോ. സുജിത് വിജയൻപിള്ള | ചവറ കെ.എം.എം.എൽ.-ന് സമീപമുള്ള ഭൂമിയേറ്റെടുക്കൽ | ബഹു. നിയമവും വ്യവസായവും കയറും വകുപ്പമന്ത്രി |
| 6 | ശ്രീ. ഡി. കെ. മുരളി | സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രീ - പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും വേതനം | ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പമന്ത്രി |
| 7 | ശ്രീമതി ശാന്തകുമാരി കെ. | മുണ്ടൂർ-തൂത റോഡ് നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പമന്ത്രി |
| 8 | ശ്രീ. അനൂപ് ജേക്കബ് | മുളന്തുരുത്തി റെയിൽവേ മേൽപ്പാലം അപ്രോച്ച് റോഡ് നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പമന്ത്രി |
| 9 | ശ്രീ. പി. പി. സുമോദ് | ഞാവളിങ്കടവ് പാലം നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പമന്ത്രി |
| 10 | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം | ബഹു. ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പമന്ത്രി |

The Ministers concerned made statements on the respective subjects.

*Ruling of Speaker :*

"I. കേരള ഹൈക്കോടതി പരിസരത്തുവച്ച് 2016 ജൂലൈ 20-ന് മാധ്യമ പ്രവർത്തകരും അഭിഭാഷകരും തമ്മിലുണ്ടായ സംഘർഷത്തെ തുടർന്ന് നടന്ന ലാത്തിച്ചാർജ്ജിനെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷൻ റിപ്പോർട്ട് 2020 ജൂൺ 30-ാം തീയതി സർക്കാരിന് സമർപ്പിച്ചുവെങ്കിലും 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3(4) പ്രകാരം അത് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഹിതം സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിൽ കാലതാമസം ഉണ്ടായതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. സി. ആർ. മഹേഷ് ക്രമപ്രശ്നം ഉന്നയിച്ചത്.

ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായതിനുള്ള കാരണങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതോടൊപ്പം പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടികൾ പൂർത്തീകരിച്ച് തൊട്ടടുത്ത സമ്മേളനത്തിൽത്തന്നെ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം തീർപ്പാക്കുകയാണ്.

II. ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ഉന്നയിച്ചത് നമ്മുടെ സഭാ ചട്ടങ്ങളുടെ മലയാള പരിഭാഷയിൽ ആമുഖത്തിന്റെ അവസാനം ചേർത്തിരിക്കുന്ന ഒരു വാചകത്തിന്റെ പ്രസക്തി സംബന്ധിച്ചാണ്. മലയാളത്തിലുള്ള സഭാ നടപടി ചട്ടങ്ങളിൽ ആമുഖത്തിന്റെ അവസാനം "ഇത് മൂലഭാഷയായ ഇംഗ്ലീഷിലുള്ള ചട്ടങ്ങളുടെ പരിഭാഷ മാത്രമായതിനാൽ നിയമപ്രകാരമുള്ള ഒരു ആധികാരിക രേഖയല്ല" എന്നാണ് ചേർത്തിരിക്കുന്നത്.

നമ്മുടെ നിയമസഭാ നടപടി ചട്ടങ്ങൾ രൂപപ്പെട്ടത് 1954 ആഗസ്റ്റ് 31-ാം തീയതി നിലവിൽ വന്ന തിരുവിതാംകൂർ കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ നടപടി ചട്ടങ്ങളിൽ നിന്നാണ്. 1956-ലെ സ്റ്റേറ്റ്സ് റീ-ഓർഗനൈസേഷൻ ആക്ടിലെ പ്രൊവിഷൻ അനുസരിച്ചാണ് 1954-ലെ ചട്ടങ്ങൾ കേരള നിയമസഭയുടെ നടപടി ചട്ടങ്ങളായി പിന്നീട് അംഗീകരിക്കപ്പെട്ടത്. അപ്രകാരം സഭ അംഗീകാരം നല്കിയ ചട്ടങ്ങളുടെ ഒറിജിനൽ ടെക്സ്റ്റ് ഇംഗ്ലീഷ് ഭാഷയിൽ ആയിരുന്നതു നിമിത്തമാണ് ഇന്നും സഭാ ചട്ടങ്ങളുടെ ആധികാരിക ടെക്സ്റ്റ് ഇംഗ്ലീഷ് ആയി തുടർന്നുവരുന്നത്. മലയാള ഭാഷയിൽ നാം ഉപയോഗിച്ച വരുന്നത് ഇംഗ്ലീഷിൽനിന്നും മലയാളത്തിലേക്ക് തർജ്ജമ ചെയ്ത വേർഷൻ മാത്രമാണ്. അത് ആധികാരികമാണെന്ന് പറയാനാവില്ല. നിയമ വകുപ്പ് തയ്യാറാക്കിയ പ്രസ്തുത പരിഭാഷയുടെ ഏതെങ്കിലും വ്യവസ്ഥ വ്യാഖ്യാനിക്കുന്ന വേളയിൽ ഒറിജിനൽ ടെക്സ്റ്റുമായി വൈരുദ്ധ്യം ഉണ്ടാകുന്നപക്ഷം ഇംഗ്ലീഷ് ടെക്സ്റ്റിനായിരിക്കും മുൻതൂക്കം എന്നൊരു നിയമപരമായ മുന്നറിയിപ്പ് ആണ് മലയാളം പരിഭാഷയുടെ ആമുഖത്തിൽ

ചേർത്തിരിക്കുന്നത്. ഇതൊരു സ്റ്റാറ്റ്യൂട്ടറി വാണിംഗ് മാത്രമാണ്. നമ്മുടെ ഔദ്യോഗിക ഭാഷയായ മലയാളത്തിന്റെ പ്രാധാന്യത്തേയോ പ്രാമുഖ്യത്തേയോ ഈ പ്രയോഗം ഒരു തരത്തിലും ഹനിക്കുന്നില്ല എന്നുകൂടി ഇത്തരുണത്തിൽ അങ്ങയേയും ഈ സഭയേയും അറിയിക്കുവാൻ ചെയർ ആഗ്രഹിക്കുന്നു.

ഒരു കാര്യം കൂടി ഇതിനോടനുബന്ധിച്ച് അറിയിക്കുവാൻ ചെയർ ആഗ്രഹിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടേയും കാലാകാലങ്ങളിൽ ഉണ്ടാകുന്ന അതിന്റെ ഭേദഗതികളുടേയും ഹിന്ദിയിലുള്ള പരിഭാഷ എല്ലാ അർത്ഥത്തിലും ഇംഗ്ലീഷ് ഭാഷയിലുള്ളതുപോലെതന്നെ ആധികാരികമായ രേഖ ആയിരിക്കുന്നതാണെന്ന് ഭരണഘടനയിലെ അനുച്ഛേദം 394 A-യിൽ അനുശാസിച്ചിരിക്കുന്നു. അതേ മാതൃകയിൽ നമ്മുടെ സഭാ ചട്ടങ്ങളുടെ മലയാള പരിഭാഷയും ആധികാരിക തർജ്ജമയായി സഭ അംഗീകരിക്കുന്നപക്ഷം ആയത് ഇംഗ്ലീഷ് വേർഷൻ പോലെ ആധികാരിക രേഖയായി അംഗീകരിക്കുവാൻ കഴിയുമെന്നാണ് ചെയർ കരുതുന്നത്. അപ്രകാരമുള്ള ഒരു നടപടിക്രമം പൂർത്തീകരിക്കുന്നതുവരെ നിലവിൽ മലയാളം പരിഭാഷയുടെ ആമുഖത്തിൽ ചേർത്തിരിക്കുന്ന സ്റ്റാറ്റ്യൂട്ടറി പ്രസ്താവന ഒഴിവാക്കാൻ കഴിയില്ല എന്നാണ് കാണുന്നത്. അതിനായുള്ള പരിശ്രമം നമുക്ക് കൂട്ടായി നടത്താവുന്നതാണെന്നുകൂടി അറിയിക്കുന്നു. "

*Financial Business:*

The General discussion on the revised budget for the financial year 2021 -2022 resumed. The following members took part in the discussion:

Shri. Murali Perunelly

Shri. Roji M. John

Shri. Muhammed Muhassin

Shri. K. P. A. Majeed

Shri. Pramod Narayan

Shri. Anoop Jacob

Shri. K. B. Ganesh Kumar

Smt. Santhakumari K.

Shri. U. A. Latheef

Shri. M. Mukesh

Shri. Anwar Sadath

Shri. H. Salam

Shri. Linto Joseph

Shri. G. S. Jayalal

Shri. P. V. Sreenijin

Prof. Abid Hussain Thangal

Shri. M. S. Arun Kumar

Shri. I. C. Balakrishnan

Shri. V. K. Prasanth

The discussion was inconclusive.

The House adjourned at 3.27 p.m. to meet again at 9.00 a.m. on Wednesday, June 9, 2021.

S. V. Unnikrishnan Nair,
*Secretary.*